# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6377 — 03.04.2018 ന് മറുപടിയ്ക്ക്.

## അച്ചൻകോവിൽ-അലിമുക്ക് റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ബി.ഗണേഷ് കുമാർ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ പ്രശസ്ത തീർത്ഥാടന കേന്ദ്രമായ അച്ചൻകോവിൽ ഗ്രാമത്തിനെ താലൂക്ക് ആസ്ഥാനവുമായി ബന്ധിപ്പിക്കുന്ന അച്ചൻകോവിൽ - അലിമുക്ക് റോഡിന്റെ തകർന്ന് കിടക്കുന്ന ഭാഗങ്ങൾ പൂർണ്ണമായും പുനരുദ്ധാരണ പ്രവൃത്തി നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനും തകർച്ചയിലായ ഉറ പാലം പുനർനിർമ്മിക്കുന്നതിനും വനം വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ ഫണ്ടിന്റെ സ്രോതസ്സ്, പുനരുദ്ധാരണ പ്രവൃത്തി ആരംഭിക്കുവാനുദ്ദേശിക്കുന്ന കാലയളവ്, നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുമോ;<br>(സി) 2018-19 സാമ്പത്തിക വർഷത്തിനുള്ളിൽ-ത്തന്നെ പണി പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഫണ്ട് വകയിരുത്തുവാനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (എ), (ബി) & (സി) - അലിമുക്ക്-അച്ചൻകോവിൽ റോഡിന്റെ ശോചനീയാവസ്ഥയും നവീകരണം ചെയ്യേണ്ടതിന്റെ പ്രാധാന്യവും മനസ്സിലാക്കി 2016-17 ലും, 2017-18 ലും നബാർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ അപേക്ഷകൾ നിരസിക്കപ്പെട്ടു. ഈ റോഡ് നവീകരിക്കേ-ണ്ടതിന്റെ അടിയന്തിര പ്രാധാന്യം പരിഗണിച്ചുകൊണ്ട് വനം വകുപ്പിന് അനുവദിച്ച സാമ്പത്തിക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യത്തെ സംരംഭമായി പരിഗണിക്കാനും സാമ്പത്തിക സഹായം അനുവദിക്കാനും ആവശ്യപ്പെട്ടുകൊണ്ട് പദ്ധതിക്കാവശ്യമായ 15.80 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ സമർപ്പിച്ചിട്ടുണ്ട്. മേൽ പദ്ധതിയുടെ അനുമതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ 2018-19 സാമ്പത്തിക വർഷം തന്നെ ടി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരി-ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ